TB Movie Panel Weekly Review

**#moviepanel**

THE CROODS (2013)

ആനിമേഷൻ സിനിമകളുടെ ഏറ്റവും വലിയ പ്രേത്യേകത ഇവിടെ ഭാവനയുടെ ലോകത്തിന് ആരും അതിരുകൾ പണിഞ്ഞട്ടില്ല എന്നാതാണ്.സ്വപ്ന തുല്യമായ മനോഹര കാഴ്ചകളും അനുഭവങ്ങളുമാണ് ഈ സിനിമ നമുക്കായി ഒരുക്കിയിരിക്കുന്നത്.

പ്രാചീന ശിലായുഗ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ക്രൂഡ് എന്ന കുടുംബത്തിന്റെ രസകരമായ കഥയാണ് ആണ് ഈ സിനിമയിൽ പറയുന്നത്. Grug എന്ന കുടുംബനാഥന്റെ സങ്കല്പത്തിൽ ലോകത്തിലെ ഏറ്റവും സുരക്ഷിതമായ സ്ഥലം തന്റെ ഗുഹയാണ്. ലോകം തന്നെ ഇടിഞ്ഞു വീണാലും തന്റെ കുടുംബം ഇതിൽ സുരക്ഷിതമാണെന്ന് അദ്ദേഹം കരുതി. എന്നാൽ മകൾ ഈപ്പ് അങ്ങനെ ആയിരുന്നില്ല. ഗുഹയുടെ ഇരുട്ടിനു പുറത്തേക്ക് വരാൻ, ലോകം കാണാൻ അവൾ എപ്പോഴും ശ്രമിച്ചു കൊണ്ടേയിരുന്നു.

അങ്ങനെയിരിക്കെ ഒരു രാത്രിയിലെ രഹസ്യ സഞ്ചാരത്തിന് ഇടയിൽ ഈപ്പ്, തീ പന്തവുമായി സഞ്ചരിച്ച 'ഗായ്' എന്ന ചെറുപ്പക്കാരനെ കണ്ടു മുട്ടുന്നു. അടുത്ത് ഒരു ഭൂകമ്പം ഉണ്ടായിട്ടുണ്ട് എത്രയും വേഗം ഇവിടെ നിന്ന് രക്ഷപെട്ടോളൂ, എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ എന്നെ വിളിക്കാൻ ഈ ശംഖ് ഉപയോഗിച്ചോളൂ എന്ന് പറഞ്ഞിട്ട് അവൻ എങ്ങോട്ടോ അപ്രത്യക്ഷനായി.

ഈപ്പ് ഈ കാര്യങ്ങൾ അച്ഛനായ Grug നോട് പറഞ്ഞു എങ്കിലും അദ്ദേഹം അതൊന്നും കേൾക്കാൻ തയ്യാറായില്ല. എന്നാൽ അടുത്ത ദിവസം ഭൂകമ്പത്തിൽ തങ്ങളുടെ ഗുഹ തകർന്നതോടെ ഗായ് പറഞ്ഞതെല്ലാം സത്യം ആന്നെന്നു എല്ലാവർക്കും ബോധ്യമായി. പുതിയ നാടും വീടും തേടിയുള്ള യാത്രക്ക് Gurg ന്റെ ശക്തി മാത്രം പോരാ ഗായുടെ ബുദ്ധിയും വേണമെന്ന് ആ കുടുംബം തിരിച്ചറിയുന്നു.. തുടർന്നുള്ള ആ കുടുംബത്തിന്റെ രസകരമായ യാത്രയിലേക്ക് ഏവരെയും ക്ഷണിക്കുന്നു...